**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 706** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി നിരക്ക് പരിഷ്കരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ പുതിയ നിയമം ഉപഭോക്താക്കൾക്ക് മാസം തോറും നിരക്ക് വർദ്ധനവ് ഉണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ 29.12.2022-ന് പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. Electricity (Amendment) Rules, 2022, ചട്ടം 14 പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു.<br><br>ആയതനുസരിച്ച് ഇന്ധന വിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാക്കുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല ഉപയോഗിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്. ഇതനുസരിച്ച് ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് വ്യത്യാസപ്പെടാനുള്ള സാധ്യതയുണ്ട്.<br><br>നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഇടാക്കുന്ന അധികതുക പിന്നീട് വാർഷിക അടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലനിന്നിരുന്ന സമ്പ്രദായത്തിന് വിപരീതമായി, സ്റ്റേറ്റ് റെഗുലേറ്ററിൽ നിന്ന് വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് അനുവാദമുള്ളതിനാൽ, ഭാവിയിൽ സ്വകാര്യ ഡിസ്കോമുകൾ വരുന്ന പക്ഷം താത്കാലിക നേട്ടം ഉണ്ടാക്കാൻ ശ്രമിക്കാൻ ഇടയുണ്ട്.<br><br>ഈ കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും, ഒപ്പം ഉപഭോക്താക്കളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ലായെന്നും 06.09.2022 തീയതിയിലെ എ1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ. ബി യും തങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.<br><br>29.12.2022-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നിയമം സംസ്ഥാനത്ത് നടപ്പിലാക്കാതിരിക്കാൻ സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; പ്രസ്തുത നിയമം ഉപഭോക്താക്കളെ കാര്യമായി ബാധിക്കുമെന്നതിനാൽ ശക്തമായ ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | കേന്ദ്ര സർക്കാർ 29.12.2022-ന് പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. Electricity (Amendment) Rules, 2022, ചട്ടം 14 പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു.<br><br>ആയതനുസരിച്ച് ഇന്ധന വിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാക്കുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല ഉപയോഗിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്. ഇതനുസരിച്ച് ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് വ്യത്യാസപ്പെടാനുള്ള സാധ്യതയുണ്ട്.<br><br>നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഇടാക്കുന്ന അധികതുക പിന്നീട് വാർഷിക അടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലനിന്നിരുന്ന സമ്പ്രദായത്തിന് വിപരീതമായി, സ്റ്റേറ്റ് റെഗുലേറ്ററിൽ നിന്ന് വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് അനുവാദമുള്ളതിനാൽ, ഭാവിയിൽ സ്വകാര്യ |

| | | | |
|---|---|---|---|
| | | | ഡിസ്കോമുകൾ വരുന്ന പക്ഷം താത്കാലിക നേട്ടം ഉണ്ടാക്കാൻ ശ്രമിക്കാൻ ഇടയുണ്ട്.<br><br>ഈ കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും, ഒപ്പം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ലായെന്നും 06.09.2022 തീയതിയിലെ എ1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ. ബി യും തങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.<br><br>29.12.2022-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ